ശ്രദ്ധക്ഷണിക്കൽ

## ഇ.പി.എഫ്. പെൻഷൻ പദ്ധതി

ശ്രീ. എ.എ. അസീസ് :സർ, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതി പ്രകാരം മുൻ ഗവൺമെന്റ് എടുത്ത തീരുമാനം പ്രതിമാസം കുറഞ്ഞ പെൻഷൻ 1,000 ഉറുപ്പികയായി നിജപ്പെടുത്തണമെന്നുള്ളതായിരുന്നു. നിർഭാഗ്യവശാൽ ഗവൺമെന്റിന്റെ ഉത്തരവുമൂലം അത് നടപ്പിലാക്കിയില്ല. 1952–ലാണ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതി രാജ്യത്ത് നടപ്പാക്കിയത്. ഇന്നിപ്പോൾ അഞ്ചര കോടിയിലധികം തൊഴിലാളികൾ രാജ്യത്താകെ ഈ പദ്ധതിയിൽ അംഗങ്ങളാണ്. 1995–1996 കാലഘട്ടത്തിലാണ് പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. 1998–ൽ മറ്റൊരു പദ്ധതികൂടി പെൻഷൻ പദ്ധതിയോടൊപ്പം കൂട്ടിച്ചേർത്തു. അതുപോലെ 2008–ലും ആ പദ്ധതിയിൽ ചില മാറ്റങ്ങൾ വരുത്തി. 1998–ൽ വരുത്തിയ മാറ്റമനുസരിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പെൻഷൻ പദ്ധതിയിൽ നിന്നും പെൻഷണേഴ്സിന് മൂന്നിലൊന്ന് അഡ്വാൻസ് എടുക്കാൻ സാധിക്കുമായിരുന്നു. അതുപോലെ പെൻഷനിൽ നിന്നും 10 ശതമാനം പിടിച്ചുകൊണ്ട് മൂലധനം പെൻഷണർക്ക് നൽകുന്ന ആ പദ്ധതിയും നിലനിന്നിരുന്നു. ഇതുരണ്ടും നിർത്തലാക്കി. നിർത്തലാക്കിയതിനുശേഷം യഥാർത്ഥത്തിൽ ഈ പെൻഷൻ പദ്ധതി ആരംഭിക്കുന്ന കാലഘട്ടത്തിൽ കുറഞ്ഞ പെൻഷൻ 500 ഉറുപ്പിക പ്രതിമാസം പെൻഷണേഴ്സിന് ലഭിക്കുമെന്നതായിരുന്നു. എന്നാൽ പിന്നീട് അത് നടപ്പാക്കി തുടങ്ങിയപ്പോൾ വന്ന അപാകത എന്നു പറയുന്നത് പി.എഫ്. ട്രസ്റ്റിയാണ് ഇതിന്റെ ഭരണം നടത്തുന്നത്. ആ ട്രസ്റ്റി ബോർഡ് തീരുമാനിച്ചതനുസരിച്ച് പണ്ട് സർവ്വീസിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ തീരുമാനിച്ചി

രുന്നെതെങ്കിൽ അറ്റന്റൻസിന്റെ അടിസ്ഥാനത്തിൽ പെൻഷൻ തീരുമാനിക്കാൻ അവർ ഭേദഗതി വരുത്തി. അതിന്റെ ഫലമായി ഒരു ഉറുപ്പിക മുതൽ ഇരുപത് ഉറുപ്പികവരെ പെൻഷൻ വാങ്ങുന്നവരും ഇന്നുണ്ട്. പ്രോവിഡന്റ് സ്കീമനുസരിച്ച് ഇരുപത് ഉറുപ്പികക്ക് താഴെ പെൻഷൻ പ്രതിമാസം വാങ്ങുന്ന പെൻഷണേഴ്സും ധാരാളമുണ്ട്. കാലോചിതമായി പെൻഷൻ വർദ്ധിച്ചതനുസരിച്ച് ആയിരം രൂപയ്ക്ക് പുറത്ത് ഇപ്പോൾ സർവ്വീസിൽനിന്നും പിരിഞ്ഞുപോകുന്നയാളുകൾക്ക് ലഭ്യമാണ്. ഈ സാഹചര്യത്തിലാണ് കേരളത്തിന്റെ ഒരു പ്രതിനിധി എന്നുള്ള നിലയിൽ ശ്രീ. കൊടിക്കുന്നിൽ സുരേഷ് തൊഴിൽ വകുപ്പുസഹമന്ത്രിയായി അധികാരം ഏറ്റെടുത്തതിനുശേഷം കുറഞ്ഞ പെൻഷൻ പ്രതിമാസം 1,000 ഉറുപ്പികയ്ക്ക് താഴെയുള്ളവർക്ക് 1,000 ഉറുപ്പിക ലഭ്യമാകണമെന്ന നിലയിൽ ഒരു നിയമഭേദഗതിക്കുവേണ്ടി ശ്രമിക്കുകയും അത് കേന്ദ്ര ഗവൺമെന്റും കേന്ദ്ര ധനകാര്യവകുപ്പും അംഗീകരിക്കുകയും ചെയ്തതാണ്. പക്ഷേ, നടപ്പായില്ല. അത് പുതിയ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നമ്മുടെ സംസ്ഥാന ഗവണമെന്റ് നടപ്പിലാക്കാൻ വേണ്ട പരിശ്രമം നടത്തണം. കടുത്ത സമർദ്ദമുണ്ടെങ്കിൽ മാത്രമേ പുതിയ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തൊഴിലാളികൾക്ക് അനുഗുണമായ ഈ തീരുമാനം അവർ കൈകൊള്ളാൻ തയ്യാറാകുകയുള്ളൂ. അടുത്ത കാലത്ത് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയുടെ ഒരു പ്രഖ്യാപനമുണ്ടായിരുന്നു. കേരളത്തിൽ നിന്നുപോയ എല്ലാ എം.പി മാരും കൂടി ചേർന്ന് കൊടുത്ത നിവേദനത്തിന് അദ്ദേഹം മറുപടി പറഞ്ഞതായിട്ടാണ് പത്രങ്ങളിൽ വായിക്കാൻ സാധിച്ചത്. 1,000 ഉറുപ്പിക കൊടുക്കാൻ മുൻഗവണമെന്റിന്റെ കാലഘട്ടത്തിൽ എടുത്ത തീരുമാനം നടപ്പാക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. അതു

കൊണ്ടു മാത്രമായില്ല. നമ്മുടെ സമ്മർദ്ദം കൂടി ഉണ്ടാകണമെന്നതാണ് എന്റെ ഈ ശ്രദ്ധക്ഷണിക്കൽ വഴിയുള്ള അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ എ. എ. അസീസ് പറഞ്ഞത് ഇന്ത്യയിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഇ.പി.എഫ്. പെൻഷൻ ഏർപ്പെടുത്തിയെങ്കിലും ഫലത്തിൽ പ്രയോജനമില്ലാത്ത സ്ഥിതിയാണ് ഇടക്കാലത്തുണ്ടായത്. പ്രതിമാസ പെൻഷൻ 20 രൂപവരെയായി കുറഞ്ഞു. നേരത്തെ ഏർപ്പെടുത്തിയ സമയത്ത് ഇത് അട്രാക്റ്റീവായിരുന്നു. കുറഞ്ഞത് 500 രൂപ പെൻഷനായി ലഭിക്കുമായിരുന്നു. പക്ഷേ ഇടയ്ക്കു മാറ്റം വരുത്തിയപ്പോൾ ഇതിന്റെ തുക ഏറ്റവും കുറവായിവന്നു. അതിനെതിരെ ഇന്ത്യയൊട്ടാകെ തൊഴിലാളികളുടെ ഭാഗത്ത് എതിർപ്പുണ്ടായി. അതുപോലെതന്നെ പൊതുവായ പ്രശ്നങ്ങൾ ഉയർത്തിപ്പിടിക്കുന്ന സംഘടനകളും രാഷ്ട്രീയ പാർട്ടികളുമെല്ലാം ഇതിനൊരു മാറ്റം വേണമെന്ന് ശക്തമായി ആവശ്യം ഉന്നയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ശ്രീ. കൊടിക്കുന്നിൽ സുരേഷ് കേന്ദ്ര തൊഴിൽ വകുപ്പ് സഹമന്ത്രിയായിരുന്ന സമയത്ത്, എല്ലാവരുടേയും ശ്രമത്തിന്റെ ഫലമായി 05-02-2014-ൽ ചേർന്ന E.P.F. Central Board of Trustees -ന്റെ 203-ാമത് യോഗത്തിൽ ഈ ആവശ്യങ്ങൾ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 1000 രൂപ മിനിമം പെൻഷനായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. പക്ഷേ ഉത്തരവിന്റെ കോപ്പി ഇതുവരെ സംസ്ഥാന ഗവൺമെന്റിന്

ലഭിച്ചിട്ടില്ല. അത് ഇംപ്ലിമെന്റ് ചെയ്യുന്നു എന്നുതന്നെയാണ് സംസ്ഥാന ഗവൺമെന്റിന് കിട്ടിയിട്ടുള്ള വിവരം. ആ പെൻഷൻ പദ്ധതി ഏറ്റവും വേഗം നടപ്പിലാക്കണമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെയും നിലപാട്. അത് ഏറ്റവും വേഗം നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എല്ലാവിധത്തിലുള്ള പ്രവർത്തനങ്ങളുമുണ്ടാകും. രാജ്യത്ത് അഞ്ചരക്കോടിയിലധികം വരുന്ന തൊഴിലാളികൾക്ക് ഇതിന്റെ ബെനിഫിറ്റ് ലഭിക്കും. അത് ഏറ്റവും വേഗത്തിൽ കിട്ടേണ്ടതാണ്.

<u>ശ്രീ. എ. എ. അസീസ്</u>: സർ, ഇത് നടപ്പാക്കുന്ന കാര്യത്തിൽ കാലതാമസം വരുത്തിയാൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കൂടുതൽ സമ്മർദ്ദമുണ്ടാകുമോ; സമ്മർദ്ദം ഉണ്ടാകണമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം അംഗീകരിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും. ഏറ്റവും വേഗത്തിൽ അത് ഇംപ്ലിമെന്റ് ചെയ്യണം. തീരുമാനമെടുത്ത ഡേറ്റ് മുതൽ മുൻകാല പ്രാബല്യം കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തെഴുതും.

## <u>ജലക്ഷാമം</u>

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുദ്ദേശിക്കുന്നത് അന്തർ സംസ്ഥാന നദീജല പദ്ധതിയുടെ ഭാഗമായിട്ടുള്ള പറമ്പിക്കുളം– ആളിയാറിന്റെ കാര്യമാണ്. 1970 മേയ് മാസത്തിലാണ് ഇത് നടപ്പിലാക്കിയത്. 1958 മുതൽ മുൻകാല പ്രാബല്യ ത്തോടുകൂടിയ ഒരു കരാറാണ്. ഒരു ബഹുമുഖ പരിപാടിയുടെ ഭാഗമെന്നുള്ള നിലയിൽ വളരെ ശ്രദ്ധയാകർഷിക്കുന്ന ഒരു പദ്ധതിയുടെ

ഭാഗമായിട്ടുള്ള കരാറാണ്. ആനമലക്കുന്നുകളിൽ നിന്നാരംഭിച്ച് പടിഞ്ഞാറോട്ടൊഴുകുന്ന എട്ട് പുഴകളിലെ വെള്ളമാണ് ചിറ്റൂർ പുഴയുടെ ഇറിഗേഷൻ സംവിധാനത്തിലൂടെ പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ലയുടെ വടക്കൻ പ്രദേശമായ എന്റെ നിയോജകമണ്ഡലമായ അങ്കമാലി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നവും ഇറിഗേഷൻ പ്രശ്നവും പരിഹരിക്കുന്നത്. ഇതിൽ 10 ഡാമുകളും 4 പവർ ഹൗസുകളും 6 മെയിൻ ടണലുകളും 7 മേജർ ഇറിഗേഷൻ കനാലുകളുമുണ്ട്. ഡാമുകളുടെ നിർമ്മാണം, മെയിന്റനൻസ് തുടങ്ങിയ ചെലവുകൾ, വെള്ളത്തിന്റെ അളവ് ഇതൊക്കെ നിയന്ത്രിക്കുന്നകാര്യങ്ങളാണ് പ്രധാനമായും ഈ കരാറിലുള്ളത്. ചാലക്കുടി പുഴയിലെ ട്രിബ്യൂട്ടറീസുകളാണ് ഷോളയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നിവ. അതുപോലെ ഭാരതപ്പുഴയുടെ ട്രിബ്യൂട്ടറീസാണ് പാളാർ, ആളിയാർ എന്നിവ. പെരിയാറിന്റെ ട്രിബ്യൂട്ടറീസാണ് ആനമലയാർ, നീരാർ എന്നിവ. ഈ കരാറനുസരിച്ച് കേരളത്തിലെ ചിറ്റൂർപ്പുഴയ്ക്ക് പ്രതിവർഷം 7250 mc.ft. വെള്ളം മണക്കടവ് വിയറിൽ ലഭിക്കണം. ഓരോ വർഷവും ചാലക്കുടി ബേസിനിൽനിന്നും 12300 mc.ft. വെള്ളം കേരളത്തിന് അവകാശപ്പെട്ടതാണ്. പെരിയാർ ബേസിനിലെ നീരാർ വിയറിൽനിന്നും ഒക്ടോബർ 1–ാം തീയതി മുതൽ ജനുവരി 31–ാം തീയതി വരെ നമുക്ക് വെള്ളം ലഭിക്കണം. അതിന്റെ ഭാഗമെന്ന നിലയിലാണ് കേരള ഷോളയാർ റിസർവോയറിൽ സെപ്റ്റംബർ 1–നും ഫെബ്രുവരി 1–നും ഫുൾ റിസർവോയർ ലെവലിൽ, 2663 അടിയിൽ വെള്ളം നിലനിർത്തണം – ഇതാണ് വ്യവസ്ഥ. ഈ വ്യവസ്ഥയുടെ ഭാഗമായാണ് ഞങ്ങളുടെ

പ്രദേശങ്ങളിൽ വെള്ളം കിട്ടുന്നത്. ഇതുസംബന്ധമായി പലപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ജലസേചന വകുപ്പുമന്ത്രിയോടും സ്ഥിരമായി ചോദിക്കാറുണ്ട്. ഈ കരാറിന്റെ 5(സി) ക്ലോസ് പ്രകാരം ഓരോ 30 വർഷം കൂടുമ്പോഴും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ റിവ്യൂ ചെയ്യാനാണ് വ്യവസ്ഥ. അതനുസരിച്ച് 1958 മുതൽ പ്രാബല്യത്തിൽ വന്ന ഈ കരാർ 1988 നവംബറിൽ അവസാനിച്ചു. അന്ന് റിവ്യൂ ചെയ്യേണ്ടതായി രുന്നു. ഇത്രയും വർഷങ്ങളായിട്ടും മാറി മാറി വന്ന ഗവൺമെന്റുകൾ, ഇതൊരു ഗവൺമെന്റിനെ കുറ്റം പറയേണ്ട കാര്യമല്ല. നമ്മുടെ സംസ്ഥാനത്ത് വെള്ളം ലഭിക്കേണ്ട കരാറിന്റെ പ്രശ്നങ്ങളെക്കുറിച്ചുള്ള ഗുരുതരമായ കാര്യമായതുകൊണ്ടാണ് ഇപ്പോൾ പറയാൻ കാരണം. ഇത് 1988-ൽ ആരംഭിച്ചുവെങ്കിലും ഒരു കാര്യവും ഇതുവരെ റിവ്യൂ നടത്തിയിട്ടില്ല. ഉദ്യോഗസ്ഥ തലത്തിലും മന്ത്രി തലത്തിലും അതുപോലെ മുഖ്യമന്ത്രിമാരുടെ തലത്തിലും പലപ്പോഴായി ചർച്ച നടത്തിയിട്ടുണ്ട്. പക്ഷേ യോജിച്ചൊരു തീരുമാനം ഇതുവരെ വന്നിട്ടില്ല. ഇക്കാര്യത്തിൽ കേരളത്തിന്റെ പ്രായോഗിക പ്രശ്നങ്ങളും നിർദ്ദേശങ്ങളും തമിഴ്നാട് പരിഗണിച്ചിട്ടില്ല. അതുകൊണ്ട് റിന്യൂവലോ റിവൈവലോ നടന്നിട്ടില്ല. കാലം കഴിയുന്തോറും ഇതൊരു രാഷ്ട്രീയ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. വെള്ളത്തിന്റെ പ്രശ്നം രാഷ്ട്രീയമായി മാറുന്നത്, പ്രത്യേകിച്ച് നമ്മുടെ ഈ പുതിയ സാഹചര്യത്തിൽ കൂടുതൽ ഗൗരവമാണ്. ഇതിന്റെ 5(എഫ്) ആർബിട്രേഷൻ ക്ലോസ് ആണ്. അതനുസരിച്ച് ആർബിട്രേറ്റർക്ക് റഫർ ചെയ്യണം. ഇല്ലെങ്കിൽ രണ്ടുകൂട്ടരും കൂടി ജോയിന്റായി ഒരു അമ്പയറെ നിശ്ചയിക്കണമെന്നൊക്കെയാണ് കരാറിലെ വ്യവസ്ഥ. ആർബിട്രേഷന്

നമ്മൾ ഇതുവരെ പോയിട്ടില്ല. പലപ്പോഴും വെള്ളം ലഭിക്കാതിരുന്നിട്ടുണ്ട്. 2012-13 വർഷത്തിൽ കേരളത്തിന് അർഹിക്കുന്ന വെള്ളം കിട്ടിയിട്ടില്ല. ഇതു സംബന്ധമായി ഞാനുൾപ്പെടെ ഈ പ്രദേശത്തുള്ള എം.എൽ.എ.– മാരെല്ലാ വരുംചേർന്ന് അന്നുതന്നെ പരാതികൊടുത്തു. കരാർ പ്രകാരം Joint Water Regulation Board യോഗങ്ങളിൽ ഇക്കാര്യം ചർച്ച ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളത്. പ്രാഥമികമായി പലപ്പോഴും ചർച്ച ചെയ്തിട്ടുണ്ടെങ്കിലും 2012-2013–ൽ തമിഴ്നാട് ഏകപക്ഷീയമായി കരാർ വ്യവസ്ഥകൾ ലംഘിച്ചിരിക്കുകയാണ്. 2012 ഡിസംബർ 27-ാം തീയതി യോഗം ചേർന്ന്........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.......

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഒരു ഇന്റർസ്റ്റേറ്റ് ഡിസ്പ്യൂട്ടാണ്. 120 mc.ft. വെള്ളം തരാമെന്നു പറഞ്ഞെങ്കിലും അതും പാലിച്ചിട്ടില്ല. ചിറ്റൂർ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ 100 ക്യുസെക്സ് വെള്ളം തരാമെന്ന് തമിഴ്നാട് പറഞ്ഞുവെങ്കിലും ഞങ്ങളുടെ പറമ്പിക്കുളം ഭാഗത്തേയ്ക്ക് വരുന്ന ചാലക്കുടിപ്പുഴയ്ക്ക് ഇതുവരെ തുറന്നുതന്നിട്ടില്ല. സംസ്ഥാന സർക്കാർ ഇതു സംബന്ധമായി സുപ്രീംകോടതിയിൽ കേസ് കൊടുത്തതായി പറയുന്നു. എനിക്കൊരു കാര്യം അറിയാനുള്ളത് ആർബിട്രേഷൻ ക്ലോസ് നിലനിൽക്കെ സുപ്രീം കോടതിയിൽ ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്യാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് നിയമോപദേശം നൽകിയിട്ടുള്ളത് എന്താണെന്ന് അറിയണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>; യെസ്, പ്ലീസ് കൺക്ലൂഡ്.......

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ഇക്കാര്യം പറയാൻ കാരണം ഈ സമയത്ത് ആശങ്ക വളരെ ഗുരുതരമാണ്. പറമ്പിക്കുളം, തുണക്കടവ് തുടങ്ങിയ മറ്റ് നദികളെക്കുറിച്ചുള്ള കരാറുകളെക്കുറിച്ചും അതിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചും നമ്മുടെ ഉദ്യോഗസ്ഥർ നേരാംവണ്ണം അന്വേഷിച്ചിട്ടില്ല എന്നുള്ള ഗുരുതരമായ ആരോപണം നിൽക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ജനങ്ങൾക്ക് ഈ ആശങ്ക. അതുകൊണ്ട് കരാർ ഇതുവരെ പുതുക്കിയിട്ടില്ല. ഉദ്യോഗസ്ഥരെ വിശ്വസിക്കാൻ കഴിയുന്നില്ല. അതുപോലെ JWRB മീറ്റിംഗിൽ നമ്മുടെ ഉദ്യോസ്ഥന്മാരുടെ പെർഫോമൻസ് ആരോപണവിധേയമാണ്. അപ്പോൾ അതിന്റെയെല്ലാം അടിസ്ഥാനത്തിൽ, ഇതിപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുമാണ്. എനിക്ക് പറയാനുള്ളത് ഇത് സമയാസമയങ്ങളിൽ ശ്രദ്ധിക്കുന്നില്ല, നമ്മുടെ ഉദ്യോഗസ്ഥർ അവിടെ പോകുന്നില്ല. അവിടെ ഉദ്യോഗസ്ഥരില്ല. 62-ഓളം ഉദ്യോഗസ്ഥന്മാരവിടെയില്ല എന്നാണ് പറയുന്നത്. ഇത് വളരെ ഗൗരവമായ കാര്യമാണ്. നമ്മളെപ്പോഴും കളത്തിന് പുറത്ത് കരുവളക്കുന്ന ആൾക്കാരാണ്. കാര്യം കഴിഞ്ഞതിനുശേഷം പറഞ്ഞിട്ട് കാര്യമില്ല. ഞാൻ മുഖ്യമന്ത്രിയുടെ അല്ലെങ്കിൽ ഈ ഗവൺമെന്റിന്റെ മാത്രം പരാജയമായിട്ടല്ല പറയുന്നത്. ഇത് കേരളത്തിന്റെ പരാജയമാണ്. സിറിയക്കാർക്ക് ഒരു സ്വഭാവമുണ്ട്- രോഗം വന്നുകഴിഞ്ഞാൽ ചികിത്സയെക്കുറിച്ച് തർക്കിച്ചു കൊണ്ടിരിക്കും. ചികിത്സിക്കില്ല, നമുക്കും അതുതന്നെയാണ് സ്ഥിതി. നമ്മൾ അങ്ങോട്ടുമിങ്ങോട്ടും ചർച്ച, തർക്കം, കുതർക്കം, ആരോപണം, പ്രത്യാരോപണം ഇതിനൊക്കെയുള്ള സമയം കഴിഞ്ഞു. ഒരു കാര്യം ചോദിക്കാനുണ്ട്- 1958 മുതൽ നമുക്ക് കിട്ടേണ്ട വെള്ളത്തിന്റെ അളവിന്റെ

ബാക്ക്ലോഗ്, അതായത് അരിയേഴ്സ് നമുക്ക് ലഭ്യമാക്കാൻ എന്തുചെയ്യാൻ കഴിയും? അത് ഈ ഡിസ്പ്യൂട്ടിൽ പറയാൻ കഴിയുമോ; അതനുസരിച്ച് 2663 അടി, ഫുൾ റിസർവോയർ ലെവലിൽ കിട്ടുമോ? ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കൊടുത്തിട്ടുള്ള നിവേദനത്തിൽ ഒന്നാമത്തെ കാര്യമായി പറഞ്ഞിട്ടുള്ളത് വാട്ടർ റിസോഴ്സസിന്റെ കാര്യമാണ്. അതിനകത്ത് മൊത്തത്തിലുള്ള കാര്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. എന്നാൽ അവരുടെ ആവശ്യമായതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് അവർ മിണ്ടുന്നില്ല. നെയ്യാർ ഡാമിനെക്കുറിച്ചും മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ചും പറയുന്നുണ്ട്. നമ്മൾ വേണ്ട സമയത്ത് കാര്യങ്ങൾ ചെയ്യാത്തതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ വരുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ജോസ് തെറ്റയിൽ, ചെയർ പറയുന്നത് ശ്രദ്ധിക്കൂ. സഭ എത്ര മണിക്ക് തീർക്കാൻ കഴിയും; ശ്രദ്ധക്ഷണിക്കൽ 7 മിനിറ്റ് കഴിഞ്ഞു. അങ്ങ് നിർത്തുന്നില്ല. നൊയമ്പുകാലമാണ്. ഒരു മണിക്കൂർ ചർച്ച വേറെയുമുണ്ട്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ഞാൻ നിർത്തുകയാണ്. നമ്മുടെ സംസ്ഥാനത്ത് ചെയ്യാൻ കഴിയുന്നൊരു കാര്യം ഷോളയാറിന്റെ ഇലക്ട്രിക്കൽ ജനറേഷനും റെഗുലേഷനും വാട്ടർ റിലീസും സംബന്ധമായ ഒരു ജോയിന്റ് പരിപാടിപോലും സമയത്ത് നടത്താൻ കഴിയാത്തതുകൊണ്ട് ഞങ്ങളുടെ ഭാഗത്ത് വെള്ളം കിട്ടുന്നില്ല. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ഇത്തവണയെങ്കിലും ഇനി വരുന്ന കാര്യങ്ങളെങ്കിലും നേരത്തെ ചെയ്യണം എന്നുള്ളതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മന്‍ ചാണ്ടി): സര്‍, പറമ്പിക്കുളം-ആളിയാര്‍ കരാറിന്റെ 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറില്‍പ്പറഞ്ഞിട്ടുളള വ്യവസ്ഥകള്‍ - ഓരോ 30 വര്‍ഷത്തേയും അനുഭവത്തിന്റെ വെളിച്ചത്തില്‍ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതു സംബന്ധിച്ച് കരാറിലെ വ്യവസ്ഥകള്‍ പുനരവലോകനം ചെയ്യേണ്ട കാലാവധി 1988 നവംബര്‍ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തില്‍ കരാര്‍ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികള്‍ കേരള സര്‍ക്കാര്‍ 1988-ല്‍ത്തന്നെ ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥര്‍, മന്ത്രി, മുഖ്യമന്ത്രി എന്നീ തലങ്ങളില്‍ നിരവധി ചര്‍ച്ചകള്‍ ഇരു സംസ്ഥാനങ്ങള്‍ തമ്മില്‍ നടന്നിരുന്നു. 1989 സെപ്റ്റംബര്‍ മുതല്‍ 2013 ഏപ്രില്‍ വരെയുള്ള കാലയളവില്‍ വിവിധ തലങ്ങളില്‍ ഇരുസംസ്ഥാനങ്ങളും തമ്മില്‍ 22 ചര്‍ച്ചകള്‍ നടന്നിട്ടുണ്ട്. എന്നാലും സംയുക്ത ഗേജിംഗില്‍ കൂടി സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്ക് വയ്ക്കുന്നതുള്‍പ്പെടെയുള്ള വിഷയങ്ങളില്‍ കേരളവും തമിഴ്നാടും പരസ്പര ധാരണയില്‍ എത്തിച്ചേരാന്‍ ഇതുവരെ സാധിച്ചിട്ടില്ല. കരാര്‍ പ്രകാരം ചാലക്കുടി നദീതടത്തില്‍നിന്നും ഓരോ വര്‍ഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരളം-ഷോളയാര്‍ പവര്‍ഹൗസില്‍ നിന്നും അളന്ന് പുറത്തു വിടേണ്ടതാണ്. കൂടാതെ, ഓരോ ജലവര്‍ഷത്തിലും സെപ്റ്റംബര്‍ 1-നും ഫെബ്രുവരി 1-നും കേരളം-ഷോളയാര്‍ റിസര്‍വോയര്‍ പൂര്‍ണ്ണസംരക്ഷണ ശേഷി (2663 അടി) നിലനിര്‍ത്തേണ്ടതായുണ്ട്. തമിഴ്നാട് സര്‍ക്കാര്‍ ഈ കരാര്‍ വ്യവസ്ഥകള്‍ ലംഘിക്കുന്ന അവസരത്തില്‍, കേരള സര്‍ക്കാര്‍

അപ്പോൾ തന്നെ അത് റെയ്സ് ചെയ്യുകയും അതിന് പരിഹാരം കാണാനായി ശ്രമിക്കുകയും ചെയ്യും. ഇതിന്റെ ഫലമായി 2009 മുതൽ...... ഈ വ്യവസ്ഥകൾ ലംഘിച്ചത് 2012-13 വർഷം മാത്രമാണ്. ബാക്കിയുള്ള വർഷങ്ങളിലെല്ലാം ഈ വ്യവസ്ഥകൾ തമിഴ്നാടും കേരളവും ശക്തമായി സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്ന് അംഗീകരിച്ചിട്ടുണ്ട്. 2013-14 ജല വർഷത്തിൽ കരാർ വ്യവസ്ഥകൾ പാലിക്കാൻ തമിഴ്നാട് സർക്കാർ പ്രത്യേകമായി ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ളത് അവിടെനിന്നും ലഭിച്ച വെള്ളത്തിന്റെ അളവ് നോക്കുമ്പോൾ നമുക്ക് മനസ്സിലാകാൻ സാധിക്കും. 2012-13 ജല വർഷത്തിൽ തമിഴ്നാട് സർക്കാർ ലംഘനം നടത്തിയതുസംബന്ധിച്ച് സുപ്രീം കോടതിയിൽ കേരള സർക്കാർ ഹർജി കൊടുക്കും ആ നിലപാടിനെ നമ്മൾ ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. നമുക്ക് അർഹതപ്പെട്ട വെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി പരമാവധി ശ്രമങ്ങൾ- ഉഭയകക്ഷി ചർച്ചകളിലൂടെയും അതിനുപുറമേ മറ്റുള്ള നിയമനടപടികളിൽ കൂടിയും നമ്മൾ ശ്രമിക്കുന്നതാണ്. നമുക്ക് ഈ എഗ്രിമെന്റ് അനുസരിച്ച് ആവശ്യത്തിന് വെള്ളം ലഭിച്ചാലും വൈദ്യുതി ബോർഡും വാട്ടർ റിസോഴ്സസ് വകുപ്പും തമ്മിലുള്ള ഒരു ഏകോപനം അനിവാര്യമാണ്. എന്നാൽ മാത്രമേ കുടിവെള്ള ത്തിനും കാർഷിക ആവശ്യത്തിനുമൊക്കെയുള്ള വെള്ളം നമുക്ക് ലഭിക്കുമെന്നുള്ള ഉറപ്പുവരുത്താൻ സാധിക്കുകയുള്ളു. അതുകൊണ്ട് ഈ രണ്ടു വകുപ്പുകൾ തമ്മിൽ വളരെ വ്യക്തമായൊരു കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഈ വെള്ളത്തിന്റെ പ്രാധാന്യം (അതായത് കൃഷിക്കും കുടിവെള്ളത്തിനും) മനസ്സിലാക്കികൊണ്ടാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ

കൊടുത്തിട്ടുള്ളത്. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഭാവിയിലും നടത്തുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. ജോസ് തെറ്റയിൽ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോസിറ്റീവായ മറുപടിയെ ഞാൻ സ്വാഗതം ചെയ്യുന്നു. പ്രധാനമായും പറയാനുള്ളത്, മുഴുവൻ വെള്ളവും കിട്ടി എന്നുപറയുന്നത് ശരിയല്ല. 1958 –ന്റെ കണക്കുവച്ച് നോക്കുമ്പോൾ 1970–നുശേഷം നമുക്ക് അരിയേഴ്സ് കിട്ടാനുണ്ട്. നമ്മുടെ ഉദ്യോഗസ്ഥന്മാർ അവിടെ പോകാറുമില്ല, അന്വേഷിക്കാറുമില്ല. ഇപ്പോൾ തന്നെ അവിടെ വേക്കൻസിയുണ്ട്. ഇതു കൂടാതെ തമിഴ്നാട് നിന്ന് പറമ്പിക്കുളം ഭാഗത്തേയ്ക്ക് നമുക്ക് പ്രവേശനമില്ല. ശ്രീ. വി. ചെന്താമരാക്ഷൻ എം.എൽ.എ. പോയപ്പോൾ അവിടെ കടത്തി വിടുന്നില്ലായെന്നാണ് പറയുന്നത്. കാരണം തമിഴ്നാടിന്റെ ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്. ഇതിന്റെ അരിയേഴ്സ് ലഭിക്കാനും; മുല്ലപ്പെരിയാർ തുടങ്ങിയ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ നമുക്കുണ്ടായ പരാജയം ആവർത്തിക്കാതിരിക്കാനും; സുപ്രീം കോടതിയിലെ കേസ് മോണിറ്റർ ചെയ്യാനും ഒരു പ്രത്യേക സമിതിയെവച്ച് നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമ്മൾ ഉഭയകക്ഷി ചർച്ചകളും നിയമനടപടി കളും – ഈ രണ്ടും ഒരേ സമയത്ത് മുമ്പോട്ട് നീക്കുകയാണ്. അരിയേഴ്സിന്റെ കാര്യത്തെക്കുറിച്ച് ഞാൻ മറുപടി പറഞ്ഞില്ല. കാരണം അത് കിട്ടിയെന്ന അവകാശം അവർ ആവശ്യപ്പെടുന്നില്ല. ഇപ്പോൾ ശക്തമായ ഒരു നിലപാടെടുത്തതിനെത്തുടർന്ന്, നിലവിൽ നമുക്ക് കിട്ടേണ്ട വെള്ളം

ലഭ്യമാകത്തക്ക ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. അത് നമ്മൾ ഏതു വിധേനയും നിലനിർത്താനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.